**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **23-01-2025 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ-ഫോൺ പദ്ധതിയുടെ നിലവിലുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:-<br><br>i) 7719 കിലോമീറ്റർ ബാക്ക്ബോൺ, 27,602 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ആക്സസ് കേബിൾ, ഒ.എഫ്.സി., 375 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ii) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5989 കുടുംബങ്ങളുടെ വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>iii) നിലവിൽ 48,869 വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>iv) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, NLD (National Long Distance) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br><br>v) 30438 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 24002 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>vi) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. |

<table>
<tr><td></td><td></td><td></td><td>തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കാസർഗോഡ് ജില്ലയിൽ എത്ര സർക്കാർ ഓഫീസുകളിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;</td><td>(ബി)</td><td>സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് മാത്രമാണ് സൗജന്യമായി കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത്. സർക്കാർ ഓഫീസുകളിൽ സൗജന്യമായല്ല കണക്ഷൻ നൽകുന്നത്. കാസർഗോഡ് ജില്ലയിലെ 1226 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 1084 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; നിയമസഭ മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;</td><td>(സി)</td><td>കാസർഗോഡ് ജില്ലയിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 196 കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:-
<table>
<tr><th>നിയമസഭാ മണ്ഡലം</th><th>കണക്ഷനുകളുടെ എണ്ണം</th></tr>
<tr><td>കാഞ്ഞങ്ങാട്</td><td>86</td></tr>
<tr><td>കാസർഗോഡ്</td><td>19</td></tr>
<tr><td>മഞ്ചേശ്വരം</td><td>6</td></tr>
<tr><td>ഉദുമ</td><td>11</td></tr>
<tr><td>തൃക്കരിപ്പൂർ</td><td>74</td></tr>
<tr><td>ആകെ</td><td>196</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>2025 മാർച്ച് 31 ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ